22
2024
ആഗസ്റ്റ്
വ്യാഴം
ചിങ്ങം 6

# NAUTICAL TIMES KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.245 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-245 പേജ് 4. വില 2.00 രൂപ

02 ആരോഗ്യ രംഗത്ത് ലോകത്തിന് മാതൃകയായ വ്യക്തിയാണ് ഡോ. എം.എസ് വല്യത്താൻ
03 വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കും
04 ഓണക്കാലത്ത് ഒരു ലിറ്റർ പാലിന് 9 രൂപ അധികവില പ്രഖ്യാപിച്ച് തിരുവനന്തപുരം മിൽമ

# തീരക്കടൽ ഇളക്കിമറിച്ച് ചുഴലിക്കാറ്റ്



ഇരവിപുരം കുളത്തും പാടം തീരത്തു കയറിയ പൂന്തുറ സ്വദേശി ബർണാഡിന്റെ വള്ളം

**ഹാൻജോ ബേബി**
ശക്തികുളങ്ങര



തകർന്ന മഞ്ചു മാത വള്ളം



മരുത്തടി വളവിൽ തോപ്പു തീരത്തു മൽസ്യ തൊഴിലാളികൾ രക്ഷപ്പെടുത്തി കൊണ്ടു വന്ന പുറപ്പാട് എന്ന വള്ളം

കൊല്ലം/തങ്കശ്ശേരി : കൊല്ലത്തെ തീരക്കടലിൽ പുലർച്ചെ മൂന്നിനു തെക്കു പടിഞ്ഞാറു നിന്നും വീശിയടിച്ച ചുഴലിക്കാറ്റിൽ നാലുവള്ളങ്ങൾ തകർന്നു.ഒരു മൽസ്യത്തൊഴിലാളി മരിച്ചു.ഒട്ടേറെപ്പേർക്ക് പരിക്ക്.അപകടത്തിൽ വള്ളവും വലയുമുൾപ്പടെ സർവതും നഷ്ടമായി.

പുലർച്ചെ കൊല്ലത്തെ തീരക്കടലിൽ വീശീയടിച്ച ചുഴലിക്കാറ്റിൽ തീരത്തെ വിവിധ മേഖലകളിലായി നാലു പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ ഫൈബർ വള്ളങ്ങൾ ശക്തമായ തിരയിൽപ്പെട്ടു മറിഞ്ഞു.ഇതിൽ ഇരവിപുരം കാക്കത്തോപ്പു തീരത്തിനു പടിഞ്ഞാറു ഏകദേശം രണ്ടു നോട്ടിക്കൽ മൈൽ ദൂരത്തു തിരയിൽപെട്ടു കമിഴ്ന്ന വള്ളത്തിലെ മൽസ്യത്തൊഴിലാളി തിരുവനന്തപുരം ജില്ലയിലെ മാമ്പള്ളി തീരത്തുള്ള ബിൽകിസ്(60) കടൽ ചുഴിയിൽ പെട്ടു മരിച്ചു.തിരുവനന്തപുരം ജില്ലയിലെ പ്രശസ്തമായ പൂന്തുറ തീരത്തെ മൽസ്യത്തൊഴിലാളിയായ ബെർണാർഡിന്റെ സ്വന്തമായിരുന്നു അപകടത്തിൽപെട്ടു തകർന്ന വള്ളം.ബെർണാർഡ് ശക്തമായ കാറ്റിനെയും കടലിനെയും നേരിട്ടു വള്ളത്തിൽ പിടിച്ചു കിടന്നും നീന്തിയും രക്ഷപ്പെട്ടു. കൊല്ലം തീരക്കടലിൽ കാക്കതോപ്പിനു പുറമേ തൊട്ടടുത്തുള്ള മുക്കം ബീച്ചിനു പടിഞ്ഞാറും വെളുപ്പിനു വള്ളം തിരയിലും കാറ്റിലും പെട്ടു പട്ടാണം (തലകീഴായി) കമിഴ്ന്നു. ഒറ്റ എൻജിനുള്ള മഞ്ചുമാത(വിദ്യ)എന്ന ചെറിയ ഫൈബർവള്ളത്തിൽ രണ്ടു പേരായിരുന്നു ഉണ്ടായിരുന്നത്.കടലിന്റെ പ്രക്ഷുബ്ദാവസ്ഥ കണ്ടു കരയിലേക്കു ഓടിച്ചു രക്ഷപ്പെടാൻ ശ്രമിക്കുന്നിടെ ആയിരുന്നു അത്യാഹിതം. ചുഴലിയിൽ പെട്ട വള്ളത്തെ തിരമാലകൾ ഉയർത്തിയെറിഞ്ഞു.വള്ളത്തിലുണ്ടായിരുന്ന പൊഴിയൂർ സ്വദേശികളായ സണ്ണിയും,ബ്രൂമനും അതിസാഹസീകമായി നീന്തി കര പറ്റുകയായിരുന്നു.ഇവരുടെ വള്ളത്തെ തിരമാലകൾ കരയിലേക്ക് അടിച്ചു കയറ്റുകയായിരുന്നു. തീരത്തെ പുലിമുട്ടിലേക്ക് കയറിയ നിലയിലായിരുന്നു ഇവരുടെ വള്ളം.പ്രദേശത്തെ മൽസ്യത്തൊഴിലാളികളുടെ സഹായത്തിൽ അവിടെ നിന്നും വള്ളം ഇറക്കി തീരത്തെ കല്ലിൽ ബന്ധിച്ചിരിക്കുകയാണ്.

ഇതേ സമയം പരവൂർ പൊഴിക്കര ചില്ലിക്കൽ തീരത്തിനു തൂക്കു പടിഞ്ഞാറു കഴ്ടിച്ചു മൂന്ന നോട്ടിക്കൽ മൈലിനകത്തും വള്ളം മറിഞ്ഞു.കൊല്ലം തീരത്തു നിന്നും മൽസ്യബന്ധനത്തിനു പോയ മൂദാക്കര സ്വദേശി റോബിന്റെ ഉടമസ്ഥതയിലുള്ള 'ഗിഫ്റ്റ് ഓഫ് ഗോഡ് 'എന്ന വള്ളമാണ് കമിഴ്ന്നത്. റോബിനെക്കൂടാതെ ലോറൻസ്,ശിവകുമാർ,തമിഴ് ശെൽവം,വേൽ എന്നിവർ രക്ഷപ്പെട്ടു. ഇതേസമയം തന്നെ കൊല്ലം ശക്തികുളങ്ങര മരുത്തടി വളവിൽതോപ്പിലെ വിളക്കുമാടത്തിനു പടിഞ്ഞാറു നീണ്ടകരയിൽ നിന്നും മൽസ്യബന്ധനത്തിനു പോയ 'പുറപ്പാട്' എന്ന വള്ളം കമിഴ്ന്നു അഞ്ചു മൽസ്യത്തൊഴിലാളികൾ കടലിൽ മണിക്കൂറുകളോളം കുടുങ്ങിക്കിടന്നു..കന്യാകുമാരി ജില്ലയിലുള്ള പരമ്പരാഗത മൽസ്യത്തൊഴിലാളികളെയും വള്ളത്തെയും നേരം പുലർന്നു എട്ടു മണിക്കു ശേഷം വളവിൽ തോപ്പിലെ ധീരൻമാരായ മൽസ്യത്തൊഴിലാളികളാണ് രക്ഷപ്പെടുത്തിയത്. കൊല്ലം തീരത്തു പുലർച്ചെ വീശിയടിച്ച ചുഴലിയിലും തിരമാലകളിൽ നിന്നും മൽസ്യത്തൊഴിലാളികളെ രക്ഷിച്ചതും,വലിയൊരു ദുരന്തമാകാതെ പോയതും മൽസ്യത്തൊഴിലാളികളുടെ സമയോചിതമായ ഇടപെടലും രക്ഷാപ്രവർത്തനവും ഒന്നു കൊണ്ടു മാത്രമാണന്നു തീരത്തുള്ളവർ ചൂണ്ടിക്കാണിക്കുന്നു.

കഴിഞ്ഞ രാത്രി കടലിന്റെ ലക്ഷണത്തിലും ഭാവത്തിലും മാറ്റങ്ങളുണ്ടായിരുന്നു.തെക്കു നിന്നും,തൂക്കു പടിഞ്ഞാറു നിന്നുമുള്ള വാടക്കാറ്റ് കടലിലെ അന്തരീക്ഷം കുഴപ്പമാണന്നുള്ള സൂചന കടലറിവുള്ള മൽസ്യത്തൊഴിലാളികൾ മനസിലാക്കിയിരുന്നു.കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ നിന്നും സീസൺ പണിക്കായി എത്തിയ വള്ളങ്ങളായിരുന്നു ഒന്നൊഴികെ എല്ലാം.മുതലപ്പൊഴി അപകടമുനമ്പായതു കൊണ്ടാണ് പൊഴിയൂരിൽ നിന്നും,പൂന്തുറയിൽ നിന്നുമുള്ള വള്ളങ്ങൾ കൊല്ലം തൂറമുഖത്ത് മൽസ്യബന്ധനത്തിനായി എത്തുന്നത്.സീസൺ മോശമായതും,ദാരിദ്ര്യവും കടക്കെണിയും അലട്ടുന്നതു കൊണ്ടാണ് കാലവസ്ഥ മുന്നറിയിപ്പുകളെയും മറികടന്നു ജീവൻ പണയം വെച്ചും കടൽപണിക്കിറങ്ങുന്നത്.മാമ്പള്ളി,അഞ്ചു തെങ്ങു തീരങ്ങളിലുള്ളവർ ആശ്രയിക്കുന്നത് മുതലപ്പൊഴി ഹാർബറാണ്.രണ്ടു ദിവസം മുൻപ് മുതലപ്പൊഴിയിൽ മരണപ്പെട്ടതും മാമ്പള്ളി തീരത്തുള്ള മൽസ്യത്തൊഴിലാളിയായിരുന്നു.മുതലപ്പൊഴിയിൽ നിന്നും സുരക്ഷിത തുറമുഖത്തു പണിയെടുക്കുവാൻ എത്തിയതായിരുന്നു മരണം കൊണ്ടുപോയ മാമ്പള്ളി തീരത്തെ ബിൽകിസ്.

(കോസ്റ്റൽ റിപ്പോർട്ടർ. ഫോൺ:9746068737)

# കടലിൽ രക്ഷകരായി ഹോമറും കൂട്ടുകാരും

**അമിത് ആന്റെണി**



കൊല്ലം: വളവിൽതോപ്പ്:പുലർച്ചെ മൂന്നര മണി നേരം തീരക്കടലിൽ ആഞ്ഞു വീശിയ ചുഴലിക്കാറ്റും ഉയർന്നു പൊങ്ങിയ തിരമാലകളും.സംഹാരതാണ്ഡവമാടുമ്പോൾ മൽസ്യബന്ധനം നേരത്തെ മതിയാക്കി കിട്ടിയ ക്യാച്ചും കൊണ്ട് നീണ്ടകര ഹാർബറിലേക്ക് കരപറ്റി ഓടിച്ചുവരികയായിരുന്നു പുറപ്പാട്' എന്ന ഫൈബർ വള്ളം. അറുപതും നാൽപതും ഇരുപതും വയസ്സു പ്രയമുള്ള അഞ്ചുപേരുണ്ട് 'പുറപ്പാട' എന്ന ഇരട്ട എൻജിൻ ഘടിപ്പിച്ച ഫൈബർ വള്ളത്തിൽ.കന്യാകുമാരി ജില്ലയിൽ നിന്നുമുള്ള മൽസ്യത്തൊഴിലാളികളായിരുന്നു എല്ലാവരും.നീണ്ടകര ഹാർബറിലേക്കു എത്തുവാൻ ഇവർക്കു വേണ്ടിയിരുന്നത് പത്തു മിനുട്ടു കൂടി മാത്രം.ആഞ്ഞുവീശിയ ചുഴലിക്കാറ്റിന്റെ പിടിയിൽ കടലിൽ വള്ളം തലകീഴായി മറിഞ്ഞു.മറിഞ്ഞ വള്ളത്തിൽ നിന്നും ചിതറിപ്പോയ അഞ്ചുപേരും കമിഴ്ന്നു കിടന്ന വള്ളത്തിന്നടുത്തെത്തി.വള്ളം വശങ്ങളിലേക്കു തിരിക്കുവാൻ റെഡാറായി ഉപയോഗിക്കുന്ന നീളമുള്ള പലകയിൽ പിടിച്ച് ഇളകിമറിയുന്ന കടലിൽ അവർ കിടന്നു.



രക്ഷകർ :ഹോമർ , റോമി, ജോയി, സെ ബാസ്റ്റ്യൻ

അവർ ഇവരായിരുന്നു. അറുപതു വയസ്സുള്ള മരിയ ഫൗസി,അറുപതുവയസുള്ള ജോൺ ക്രൂസ്,നാൽപത്തിനാലു വയസ്സുള്ള ടൈറ്റസ്,മുപ്പത്തിനാലു വയസ്സുള്ള ആന്റൊ,പിന്നെ ആദ്യമായി കടലിൽ പോകുന്ന ഇരുപത്തിയൊന്നു വയസ്സുള്ള ടോണി.തണുപ്പിലും കാറ്റിലും ഇളകിമറിയുന്ന കടലിൽ അവർ പലകയിൽ പിടിമുറുക്കി പരസ്പരം കരുത്തു പകർന്നു ജീവനും മുറുകെ പിടിച്ചു കൊണ്ടു കാത്തു കിടന്നു... കടലിൽനിന്നു പിടിച്ച മൽസ്യങ്ങളും വലയുമെല്ലാം കടലെടുത്തു.

കൊല്ലത്തെ പ്രമുഖമായ വളവിൽതോപ്പ് തീരത്തിനു പടിഞ്ഞാറാണ് വള്ളം മറിഞ്ഞത്..മൂന്നു മണിക്കൂർ കഴിഞ്ഞപ്പോൾ കടലിൽ നിന്നും തീരം വ്യക്തമായി കാണം. പുലർച്ചെയുള്ള ചുഴലിക്കാറ്റിന്റെ ലക്ഷണം കണ്ടതോടെ വളവിൽതോപ്പിലെ മൽസ്യത്തൊഴിലാളികൾ തലേന്നു വള്ളമിറക്കിയില്ല.പക്ഷേ നേരം വെളുത്തു തീരത്തേക്കുവന്ന ചെറുപ്പക്കാരായ മൽസ്യത്തൊഴിലാളികളായ റോമിയും,ഹോമറുമാണ് തീരക്കടലിൽ ഉയർന്നു പൊങ്ങുന്ന കൈകളും,തലകളും കണ്ടത്.സൂക്ഷിച്ചു നോക്കിയപ്പോൾ രക്ഷിക്കാനായി കൈ ഉയർത്തുന്നതാണന്നു വ്യക്തമായി.അപ്പോൾ മണി എട്ടു കഴിഞ്ഞിരിക്കുന്നു.പുലർച്ചെ നടന്ന അപകടം കഴിഞ്ഞിട്ട് അഞ്ചു മണിക്കൂറിലേറെയായി. പിന്നെ വൈകിയില്ല കലിയടങ്ങത്ത കടലിലേക്ക് റോമിയും,ഹോമർ ഹെൻട്രിയും വള്ളമിറക്കി കൂടെ ജോയി പീറ്ററും,സെബസ്റ്റ്യൻ നീക്ലോസും ചേർന്നു. കമിഴ്ന്നു കിടന്ന വള്ളത്തിന്റെ തടിയൽ പിടിച്ചു അവശരായി കിടന്നവരെ രണ്ടു തവണയായി ഇവർ കരക്കെത്തിച്ചു. കരയിലുണ്ടായിരുന്നവർ പ്രഥമ ശുശ്രൂഷ നൽകി ആശുപത്രിയലെത്തിച്ചു. തുടർന്ന് ഇവരുടെ വള്ളം കെട്ടിവലിച്ച് തീരത്തെത്തിക്കുകയും ചെയ്തു.അല്പം കൂടി വൈകിപ്പോയിരുന്നെങ്കിൽ മരണം വരെ സംഭവിക്കാവുന്ന അവസ്ഥയിലായിരുന്നുവെന്ന് ഹോമർ പറഞ്ഞു.കടലപകടങ്ങളിൽ രക്ഷാദൗത്യത്തിനിറങ്ങുന്നതിൽ ഹോമറും,അദ്ദേഹത്തിന്റെ പിതാവ് ഹെൻട്രിയും മുൻകാലങ്ങളിലും മാതൃകയായിട്ടുണ്ട്.

സർക്കാരിന്റെ രക്ഷാദൗത്യമോ സഹായമോ ഒന്നും തന്നെ മണിക്കൂറുകൾ കഴിഞ്ഞിട്ടും അപകടം നടന്ന തീരത്തെത്തിയില്ലന്നിവർ പറയുന്നു.ഇതിൽ മൽസ്യത്തൊഴിലാളികൾക്ക് അമർഷമുണ്ട്.തീരക്കടലിലും പുറം കടലിലും നികത്തി വലിക്കുന്ന ട്രോളറുകൾ ഞങ്ങളുടെ അന്നം മുട്ടിക്കുകയാണ്.ഇതു നിയന്ത്രിക്കുവാൻ സർക്കാർ സംവിധാനങ്ങൾ ഒന്നുമില്ല.മുട്ടാത്ത വാതിലുകളില്ല.വളവിൽതോപ്പിലെ മൽസ്യതൊഴിലാളികൾ പറയുന്നു.തീരക്കടലിൽ മൽസ്യലഭ്യത കുറയുന്നതിന്റെ കാരണം പെയർ ട്രോളിംഗ് ആണ്.മൽസ്യബന്ധനത്തിലെ പരമ്പരാഗത ശൈലി കൈവിടാത്ത അപൂർവ്വം നൻമയുള്ള മൽസ്യത്തൊഴിലാളി സമൂഹമാണ് വളവിൽതോപ്പിലെ തീരത്തുള്ളത്.



കടലപകടത്തിൽ നിന്നും രക്ഷപ്പെട്ട ജോൺ ക്രൂസ്, മരിയ ഫ ഫൗസി, ടൈറ്റസ് , ടോണി, ആന്റോ എന്നിവർ.

## ഒടുവിൽ ആശ്വാസം; കാണാതായ കുട്ടിയെ കണ്ടെത്തി

കഴക്കൂട്ടം (തിരുവനന്തപുരം): വീട്ടുകാരോട് പിണങ്ങി വീടുവിട്ട അസം സ്വദേശിയായ 13കാരി തസ്മിത്ത് തംസിയെ കണ്ടെത്തി. വിശാഖപട്ടണത്തു നിന്നാണ് കുട്ടിയെ കണ്ടെത്തിയത്. 37 മണിക്കൂറിന് ശേഷമാണ് കുട്ടിയെ കണ്ടെത്തിയിരിക്കുന്നത്. വിശാഖപട്ടണത്തുള്ള മലയാളി അസോസിയേഷൻ പ്രതിനിധികളാണ് കുട്ടിയെ കണ്ടെത്തിയത്. തംബരം എക്സ്പ്രസിൽവെച്ചാണ് കുട്ടിയെ കണ്ടെത്തിയത്. ബർത്തിൽ കിടക്കുകയായിരുന്ന കുട്ടിയെ മലയാളി അസോസിയേഷൻ പ്രതിനിധികൾ കണ്ടെത്തി വിശാഖപട്ടണത്ത് ഇറക്കുകയായിരുന്നു. കുട്ടിയെ പിന്നീട് ആർപിഎഫിന് കൈമാറി.

നേരത്തേ കന്യാകുമാരിയിൽ നിന്ന് മറ്റൊരു ട്രെയിനിൽ കയറി കുട്ടി ചെന്നൈയിൽ എത്തിയതായി സ്ഥിരീകരണമുണ്ടായിരുന്നു. എന്നാൽ ഇവിടെ നിന്ന് കണ്ടെത്താനായിരുന്നില്ല. ഗുവാഹത്തി ട്രെയിനിൽ കുട്ടി കയറിയതായി സംശയമുണ്ടായിരുന്നു.

കഴക്കൂട്ടം ബ്ലോക്ക് ഓഫീസിനു സമീപം താമസിക്കുന്ന അസം സ്വദേശി അൻവർ ഹുസൈന്റെ മകളാണ് തസ്മീക് തംസം. ചൊവ്വാഴ്ച രാവിലെ 10മണിയോടെയാണ് കുട്ടിയെ കാണാതായത്. മാതാപിതാക്കൾ വൈകീട്ട് നാലോടെയാണ് വിവരം കഴക്കൂട്ടം പോലീസിൽ അറിയിച്ചത്.

# അശ്വതിക്ക് വ്യാപാരം തുടരാം; കൊമേഴ്സ്യൽ ലൈസൻസിൽ തൽസ്ഥിതി തുടരും

*** വേഗത്തിൽ പരാതി പരിഹാരവുമായി തദ്ദേശ അദാലത്ത്**
*** പൊതുഉത്തരവിന് നിർദേശം നൽകി മന്ത്രി എം ബി രാജേഷ്**

കെട്ടിടനിർമാണ ചട്ടം നിലവിൽ വരുന്നതിനു മുൻപ് നിർമിച്ച കെട്ടിടങ്ങളിൽ നിലവിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് തുടർന്നും പുതുക്കി നൽകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് അറിയിച്ചു. തിരുവനന്തപുരത്ത് ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നടന്ന തദ്ദേശ അദാലത്തിൽ പരാതി പരിഹരിച്ചു കൊണ്ടാണ് മന്ത്രി നിർദ്ദേശം നൽകിയത്. സമാനമായ കേസുകളിൽ നിർദ്ദേശം ബാധകമാക്കി പൊതു ഉത്തരവ് പുറത്തിറക്കുമെന്നും മന്ത്രി പറഞ്ഞു. ആറ്റിങ്ങൽ സ്വദേശിനി അശ്വതി ബി എസ് നൽകിയ പരാതിയിലാണ് മന്ത്രി നടപടി സ്വീകരിച്ചത്. കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വരുന്നതിനു മുമ്പ് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനത്തിന് കൊമേഴ്സ്യൽ ലൈസൻസ് അനുവദിക്കുന്നില്ല എന്നതായിരുന്നു പരാതി.

കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വന്നതിനു മുമ്പുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനത്തിന് കൊമേഴ്സ്യൽ ലൈസൻസിന് കെ സ്മാർട്ടിലൂടെ അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് അദാലത്തിൽ മന്ത്രിയെ സമീപിച്ചതെന്ന് അശ്വതി പറഞ്ഞു. ഇത്തരത്തിലുള്ള പല കെട്ടിടങ്ങളും കൊമേഴ്സ്യൽ വിഭാഗത്തിലേക്ക് മാറ്റാൻ നിലവിലെ ചട്ട പ്രകാരം കഴിയില്ല. അതിനാൽ തന്നെ ലൈസൻസിന് അപേക്ഷിക്കാനും കഴിയുന്നില്ല. ഈ പ്രശ്നത്തിനാണ് മന്ത്രി പരിഹാരം കണ്ടിരിക്കുന്നത്.

ചട്ടം നിലവിൽ വരുന്നതിനു മുൻപുള്ള കെട്ടിടങ്ങൾക്ക് ലൈസൻസിൽ തൽസ്ഥിതി തുടരാമെന്ന പൊതു ഉത്തരവ് നിലവിൽ വരുന്നതോടെ ഈ പ്രശ്നം അഭിമുഖീകരിക്കുന്നവർക്കെല്ലാം ശാശ്വത പരിഹാരമാകും. കെ സ്മാർട്ടിലും ഇതിന് ആവശ്യമായ ഭേദഗതി വരുത്തും. ജനോപകാരപ്രദമായി സംസ്ഥാനസർക്കാരും തദ്ദേശസ്വയംഭരണ വകുപ്പും മന്ത്രി എം ബി രാജേഷും സ്വീകരിച്ച നടപടികൾക്ക് നന്ദി അർപ്പിക്കുന്നതായും അശ്വതി പറഞ്ഞു.



ലോകായുക്തയായി ചുമതലയേൽക്കുന്ന ജസ്റ്റിസ് എൻ.അനിൽകുമാറിന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ സമീപം.

## പെൻഷൻ മസ്റ്ററിംഗ് ഉറപ്പുവരുത്തണം

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ പെൻഷൻ കൈപ്പറ്റി കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി, വിധവ പെൻഷൻ ഗുണഭോക്താക്കളിൽ 2024 വർഷത്തെ വാർഷിക മസ്റ്ററിംഗ് ചെയ്യാത്തവർ ആധാർ കാർഡും പെൻഷൻ രേഖകളുമായി അക്ഷയ കേന്ദ്രങ്ങളിൽ എത്തി വാർഷിക മസ്റ്ററിംഗ് നടത്തണം.

പെൻഷൻ മസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി ആഗസ്റ്റ് 24 ൽ നിന്ന് സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അക്ഷയ സെന്ററുകൾ വഴി നടത്തുന്ന മസ്റ്ററിംഗ് പരാജയപ്പെട്ടവർ മസ്റ്റർ ഫെയിൽഡ് റിപ്പോർട്ടും ലൈഫ് സർട്ടിഫിക്കറ്റും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസുകളിൽ സമർപ്പിക്കണം. മസ്റ്ററിങ് നടത്താത്ത പെൻഷൻകാർക്ക് തുടർന്നുള്ള പെൻഷൻ ലഭിക്കില്ല എന്നതിനാൽ പ്രസ്തുത തീയതിക്കുള്ളിൽ മസ്റ്റർ ചെയ്ത് പെൻഷൻ ആനുകൂല്യം ഉറപ്പാക്കണമെന്ന് മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം മേഖല എക്സിക്യൂട്ടീവ് അറിയിച്ചു.

## വാഹനം വാടകയ്ക്ക്

കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിലെ ഔദ്യോഗിക ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് പ്രൊപ്പോസൽ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 0471 2311114, www.etenders.kerala.gov.in.

## സിവിൽ സർവീസ് പരീക്ഷ പ്രിലിംസ് കം മെയിൻസ്; സിവിൽ സർവീസ് അക്കാദമി അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന സിവിൽ സർവീസ് അക്കാദമി നടത്തുന്ന യു പി എസ് സി സിവിൽ സർവീസ് പരീക്ഷയുടെ പരിശീലന ക്ലാസ്സിലേക്ക് തിരുവന്തപുരം, ആലുവ എന്നീ കേന്ദ്രങ്ങളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈനായി അപേക്ഷ നൽകിയാൽ മതിയാകും. പ്രിലിംസ് കം മെയിൻസ് സെപ്റ്റംബർ ബാച്ചിലേക്ക് ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി കഴിഞ്ഞവരും 2024 ൽ ഡിഗ്രി പൂർത്തിയാക്കുന്നവർക്കും അപേക്ഷിക്കാം. യു.പി.എസ്.സി. പ്രിലിംസ്, മെയിൻസ് പരീക്ഷക്കുള്ള ഒരു വർഷത്തെ പരിശീലന ക്ലാസ്സുകളാണ് നടത്തുന്നത്. സെപ്റ്റംബർ 2 മുതൽ ക്ലാസുകൾ ആരംഭിക്കും. കൂടാതെ അക്കാദമി ആരംഭിക്കുന്ന റിപ്പീറ്റേഴ്സ് ബാച്ചായ റീകിന്റിലിലേക്ക് മുൻ വർഷങ്ങളിൽ പഠിച്ച വിദ്യാർഥികൾക്കും മറ്റും അപേക്ഷ നൽകാം. വിശദവിവരങ്ങൾ സരെമെ.ീൃഴ യിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712311654, 2313065, 8281098864.

## മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സ്: അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2024 ലെ മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള (കീം 2024) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർഥികളിൽ വിവിധ കാറ്റഗറി/കമ്മ്യൂണിറ്റി സംവരണം/ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ അന്തിമ കാറ്റഗറി ലിസ്റ്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച താത്കാലിക കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച് ലഭിച്ച സാധുവായ പരാതികൾ പരിശോധിച്ച ശേഷമാണ് അന്തിമ കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയത്. ഹെൽപ് ലൈൻ: 04712525300.

## കേരള മീഡിയ അക്കാദമി പി.ജി.കോഴ്സ്

കേരള മീഡിയ അക്കാദമി കൊച്ചി കാമ്പസിൽ ജേണലിസം & കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേണലിസം, പി.ആർ & അഡ്വർടൈസിംഗ് പി.ജി ഡിപ്ലോമ കോഴ്സുകൾ 23 ന് ആരംഭിക്കും.

ഏഷ്യൻ സ്കൂൾ ഓഫ് ജേണലിസം ചെയർമാൻ ശശികുമാർ, 24 ന്യൂസ് ചീഫ് എഡിറ്റർ ആർ.ശ്രീകണ്ഠൻ നായർ, ദ ഹിന്ദു സീനിയർ ഡെപ്യൂട്ടി എഡിറ്റർ സരസ്വതി നാഗരാജൻ, അക്കാദമി ചെയർമാൻ ആർ.എസ്.ബാബു, വൈസ് ചെയർമാൻ ഇ.എസ്.സുഭാഷ് തുടങ്ങിയവർ പ്രവേശനോദ്ഘാടന ചടങ്ങിൽ സംബന്ധിക്കും.

## ഡോ. ആഷിക്ക് ഷെയ്ക്ക് കെ.എസ്.എഫ്.ഡി.സി മാനേജിങ് ഡയറക്ടർ

ഡോ. ആഷിക്ക് ഷെയ്ക്ക് കെ.എസ്.എഫ്.ഡി.സി മാനേജിങ് ഡയറക്ടറായി ചുമതലയേറ്റു. കെ.എസ്.ഐ.ഡി.സി ഉദ്യോഗസ്ഥനായിരുന്ന ഇദ്ദേഹം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് കെ.എസ്.എഫ്.ഡി.സി മാനേജിങ് ഡയറക്ടറായി ചുമതലയേറ്റത്.

## ഡി.സി.എ പ്രവേശന തീയതി നീട്ടി

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്കോൾകേരള മുഖേന തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് പത്താം ബാച്ചിന്റെ പ്രവേശനതീയതി സെപ്റ്റംബർ 13 വരെ പിഴയില്ലാതെയും 60 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും ദീർഘിപ്പിച്ചു. നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് ഒടുക്കി www.scolekerala.org മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## വയനാടിന് ഒരു കോടി രൂപ കൈമാറി

വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു കോടി രൂപ നൽകി. വനം വന്യജീവിവകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ മുഖ്യമന്ത്രി പിണറായി വിജയന് തുക കൈമാറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ എൽ. ചന്ദ്രശേഖർ, പ്രമോദ് ജി. കൃഷ്ണൻ, ജസ്റ്റിൻ മോഹൻ എന്നിവർ സന്നിഹിതരായിരുന്നു.

## നഴ്സിങ് അസിസ്റ്റന്റ് ട്രെയിനിങ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ നഴ്സിങ് അസിസ്റ്റന്റ് ട്രെയിനിങ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആഗസ്റ്റ് 31ന് വൈകിട്ട് 4 മണി വരെ അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും: www.rcctvm.org, www.rcctvm.gov.in.

## യോഗ കോഴ്സ്: പ്രവേശന തീയതി നീട്ടി

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്കോൾ കേരള മുഖേന തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന യോഗ കോഴ്സ് രണ്ടാം ബാച്ചിന്റെ പ്രവേശനതീയതി സെപ്റ്റംബർ 10 വരെ പിഴയില്ലാതെയും 100 രൂപ പിഴയോടെ സെപ്റ്റംബർ 23 വരെയും ദീർഘിപ്പിച്ചു. നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് ഒടുക്കി www.sco-l-e-k-er-a-l-a.or-g മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം.

## സീറ്റ് ഒഴിവ്

തലശേരി ഗവ. ബ്രണ്ണൻ കോളേജിൽ ബിരുദാനന്തര ബിരുദ വിഷയങ്ങളിൽ എസ്.സി/ എസ്.ടി വിഭാഗത്തിലെ വിദ്യാർഥികൾക്ക് സീറ്റുകൾ ഒഴിവുണ്ട്. വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായ ആഗസ്റ്റ് 27ന് വൈകിട്ട് അഞ്ചിന് മുമ്പ് ഓഫീസിൽ അപേക്ഷ നൽകണം. ഈ വിദ്യാർഥികളുടെ അഭാവത്തിൽ ഒ.ഇ.സി വിദ്യാർഥികളെയും പരിഗണിക്കും.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി; വ്യക്തിഗത വിവരങ്ങൾ പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോ മെഡിക്കൽ കോളേജുകളിൽ 2024ലെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി കോഴ്സ് പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ പ്രാഥമിക പരിശോധനയ്ക്കു ശേഷമുള്ള വിവരങ്ങൾ www.lbscetnre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അപേക്ഷാർഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഇവ പരിശോധിക്കണം. ആവശ്യപ്പെട്ട രേഖകൾ 24ന് വൈകിട്ട് 5നകം സമർപ്പിക്കണം. ആവശ്യപ്പെട്ട രേഖകൾ അപ്ലോഡ് ചെയ്യാത്തവരുടെ അപേക്ഷ നിരസിക്കും. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364.

## വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള പൊതുതെളിവെടുപ്പ്

സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് 2027 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് വൈദ്യുതി നിരക്കുകൾ പരിഷ്ക്കരിക്കുന്നതിനുള്ള പെറ്റീഷൻ (ഒ.പി.നമ്പർ 18/2078) സമർപ്പിച്ചതിലുള്ള പൊതുതെളിവെടുപ്പ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ നടത്തും. പൊതുതെളിവെടുപ്പിന് ശേഷം 2023 നവംബർ 01 മുതൽ 2024 ജൂൺ 30 വരെയുള്ള കാലയളവിലേക്ക് വൈദ്യുതി നിരക്ക് പരിഷ്ക്കരിച്ച് ഉത്തരവ് ഇറക്കിയിരുന്നു.

2024 ജൂലൈ 01 മുതൽ 2027 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് വൈദ്യുതി നിരക്ക് പരിഷ്ക്കരിക്കുന്നതിന് പുതിയ നിർദ്ദേശങ്ങൾ നൽകാൻ കെ.എസ്.ഇ.ബിയോട് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അവ കമ്മീഷന് നൽകിയിട്ടുണ്ട്. ഇതിന്റെ കോപ്പി www.erckerala.org യിൽ പരിശോധിക്കാം. നിർദ്ദേശങ്ങളുടെ പകർപ്പ് കെ.എസ്.ഇ.ബിയുടെ വെബ്സൈറ്റിലും ലഭ്യമാണ്.

പൊതുജനങ്ങളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നതിനുവേണ്ടിയുള്ള പൊതുതെളിവെടുപ്പ് സെപ്റ്റംബർ 3, 4, 5, 10 തീയതികളിൽ നടക്കും.

സെപ്റ്റംബർ 3ന് രാവിലെ 11 ന് നളന്ദ ടൂറിസ്റ്റ് ഹോം (കോഴിക്കോട്), സെപ്റ്റംബർ 4ന് രാവിലെ 11 ന് ജില്ലാ പഞ്ചായത്ത് ഹാൾ (പാലക്കാട്), സെപ്റ്റംബർ 5ന് രാവിലെ 10.30 ന് കോർപ്പറേഷൻ ടൗൺഹാൾ (എറണാകുളം), സെപ്റ്റംബർ 10ന് രാവിലെ 10.30 ന് കോൺഫറൻസ് ഹാൾ, പ്രിയ ദർശിനി പ്ളാനിറ്റോറിയം, പി.എം.ജി (തിരുവനന്തപുരം) എന്നിവിടങ്ങളിലാണ് തെളിവെടുപ്പ് നടക്കുക.

പൊതുതെളിവെടുപ്പിൽ പൊതുജനങ്ങൾക്കും, തൽപ്പരകക്ഷികൾക്കും നേരിട്ട് പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. തപാൽ മുഖേനയും ഇമെയിൽ (സലൃര@ലൃരസലൃമഹമ.ീൃഴ) മുഖേനയും അഭിപ്രായങ്ങൾ രേഖപ്പെടുത്താം. തപാൽ / ഇമെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695010 എന്ന വിലാസത്തിൽ സെപ്റ്റംബർ 10ന് വൈകിട്ട് 5 വരെ സ്വീകരിക്കും.

## എൻജിനിയറിങ്/ ഫാർമസി കോഴ്സ് രണ്ടാംഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ ഒന്നാംഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ 2024 ലെ എൻജിനിയറിങ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റും ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റും www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ ഹോം പേജിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് ഔട്ട് എടുക്കണം. ഈ ഘട്ടത്തിൽ ലഭ്യമാകുന്ന അലോട്ട്മെന്റ് മെമ്മോ പിന്നീട് ലഭിക്കില്ല. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ എന്നിവയും പ്രോസ്പെക്ട്സ് ക്ലോസ് 11.7.1ൽ പറഞ്ഞിട്ടുള്ള ബാധകമായ രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കണം.

അലോട്ട്മെന്റ് പ്രകാരം എൻജിനിയറിങ്, ഫാർമസി കോഴ്സുകൾക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് ആഗസ്റ്റ് 27 ഉച്ചക്ക് 2 മണിയ്ക്കുള്ളിൽ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ അടയ്ക്കണം. 27ന് വൈകുന്നേരം 3 മണിക്കുള്ളിൽ പ്രവേശനം നേടണം. ആർക്കിടെക്ചർ കോഴ്സുകൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് ആഗസ്റ്റ് 24 ഉച്ചക്ക് 2 മണിയ്ക്കുള്ളിൽ അടയ്ക്കണം. 24ന് വൈകുന്നേരം 3 മണിക്കുള്ളിൽ പ്രവേശനം നേടണം.

## ജസ്റ്റിസ് അനിൽകുമാർ ലോകായുക്തയായി ചുമതലയേറ്റു

ലോകായുക്തയായി ജസ്റ്റിസ് എൻ. അനിൽകുമാർ സത്യപ്രതിജ്ഞ ചെയ്തു ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ സന്നിഹിതനായിരുന്നു. മന്ത്രിമാരായ പി. രാജീവ്, കെ. എൻ. ബാലഗോപാൽ, വി. എൻ. വാസവൻ, രാമചന്ദ്രൻ കടന്നപ്പള്ളി, ചീഫ് സെക്രട്ടറി ഡോ. വി. വേണു, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

## അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യാം

ആഗസ്റ്റ് 25 ന് നടക്കുന്ന എൽ.എൽ.എം, എം.എസ്സി നഴ്സിങ് കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ www.cee.kerala.gov.in ൽ നിന്നും ഡൗൺലോഡ് ചെയ്യാം. അപ്ലോഡ് ചെയ്ത ഓൺലൈൻ അപേക്ഷയിലെ അപാകതകൾ മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് ഹോം പേജിലെ 'ങലാീ' എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദ വിവരങ്ങൾ അറിയാനാവും. ഇവർ ബന്ധപ്പെട്ട രേഖകൾ www.cee.kerala.gov.in ലൂടെ ആഗസ്റ്റ് 22 ന് രാത്രി 11.59 ന് മുമ്പ് അപ്ലോഡ് ചെയ്യണം.

## പി.ജി. ഡെന്റൽ കോഴ്സ് പ്രവേശനം

കേരളത്തിലെ ഗവൺമെന്റ് ഡെന്റൽ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകളിലെയും പി.ജി. ഡെന്റൽ കോഴ്സിലേക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിന് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ 23ന് രാത്രി 11.59 വരെ ംംം.രലല.സലൃമഹമ.ഴീ.ശി ൽ ചെയ്യാം. വിശദ വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനത്തിലുണ്ട്. ഹെൽപ് ലൈൻ: 04712525300.

## എം.ബി.ബി.എസ്, ബി.ഡി.എസ് പ്രവേശനം; ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

202425 ലെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് നടപടിക്രമം ആരംഭിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും നീറ്റ് യു.ജി 2024 മാനദണ്ഡപ്രകാരം എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനത്തിന് യോഗ്യരുമായ വിദ്യാർഥികൾക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം www.cee.kerala.gov.in ൽ ആഗസ്റ്റ് 26ന് രാത്രി 11.59 വരെ ലഭിക്കും. ആഗസ്റ്റ് 27ന് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റും, 29ന് അന്തിമ അലോട്ട്മെന്റ് ലിസ്റ്റും പ്രസിദ്ധീകരിക്കും. പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട വിശദാംശങ്ങളും www.cee.kerala.gov.in ൽ ലഭ്യമാണ്. ഹെൽപ് ലൈൻ: 04712525300.

## സ്പോർട്സ് ക്വാട്ട പ്രവേശനം

ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്ന് ആറ്റിങ്ങിൽ സർക്കാർ കോളേജിന് ലഭിച്ച റാങ്ക് ലിസ്റ്റ് പ്രകാരം ബിരുദം (യു.ജി) സ്പോർട്സ് ക്വാട്ട സീറ്റിലേക്കുള്ള പ്രവേശനത്തിന് സ്പോർട്സ് കൗൺസിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ 23ന് രാവിലെ 11ന് മുമ്പ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലുമായി കോളജിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.




കേരള ബ്രാൻഡിങ്ങിന്റെ ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട ആറ് വെളിച്ചെണ്ണ ഉത്പാദകർക്ക് മെയ്ഡ് ഇൻ കേരള ബ്രാൻഡ് സർട്ടിഫിക്കറ്റ് സമ്മാനിക്കുന്ന ചടങ്ങ് വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു

# ഓസ്ട്രിയയിലേയ്ക്ക് നോർക്ക വഴി നഴ്സിങ് റിക്രൂട്ട്മെന്റ് പൈലറ്റ് പ്രോജക്റ്റിന് ധാരണയായി

## * ട്രേഡ് കമ്മീഷണർ ഹാൻസ് ജോർഗ് ഹോർട്ട്നാഗൽ നോർക്ക സന്ദർശിച്ചു

കേരളത്തിൽ നിന്നും യൂറോപ്യൻ രാജ്യമായ ഓസ്ട്രിയയിലേയ്ക്ക് നോർക്ക റൂട്ട്സ് മുഖേന നഴ്സിങ് റിക്രൂട്ട്മെന്റ് പൈലറ്റ് പ്രോജക്ട് ആരംഭിക്കാൻ ധാരണയായി. ഓസ്ട്രിയൻ ട്രേഡ് കമ്മീഷണർ ആന്റ് കൊമ്മേഴ്സ്യൽ കൗൺസിലർ ഹാൻസ് ജോർഗ് ഹോർട്ട്നാഗലിന്റെ നേതൃത്വത്തിലെത്തിയ പ്രതിനിധി സംഘവുമായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലാണ് ധാരണയായത്. പ്രതിവർഷം 7000 മുതൽ 9000 നഴ്സിങ് പ്രൊഫഷണലുകൾക്കാണ് നിലവിൽ ഓസ്ട്രിയയിൽ അവസരമുള്ളത്. കെയർ ഹോം, ഹോസ്പിറ്റലുകൾ, വയോജനപരിപാലനത്തിനായുള്ള പ്രൈവറ്റ് ഹോം എന്നിങ്ങനെയാണ് അവസരങ്ങളെന്ന് ഹാൻസ് ജോർഗ് ഹോർട്ട്നാഗൽ വ്യക്തമാക്കി. കേരളത്തിൽ നിന്നുള്ള നഴ്സുമാർ മികച്ച നൈപുണ്യമികവുള്ളവരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജർമ്മനിയിലേയ്ക്കുള്ള നഴ്സിംങ് റിക്രൂട്ട്മെന്റായ ട്രിപ്പിൾവിൻ മാതൃകയിൽ ഓസ്ട്രിയയിലേയ്ക്ക് പ്രത്യേക റിക്രൂട്ട്മെന്റിനുള്ള സാധ്യതകൾ പരിശോധിക്കാമെന്ന് കൂടിക്കാഴ്ചയിൽ അജിത് കോളശ്ശേരി പറഞ്ഞു.

തൈയ്ക്കാട് നോർക്ക സെന്ററിൽ നടന്ന കൂടിക്കാഴ്ചയിൽ തിരുവനന്തപുരം ഗവൺമെന്റ് നഴ്സിങ് കോളേജിൽ നിന്നും അസോസിയേറ്റ് പ്രൊഫസർമാരായ റീന എ തങ്കരാജ്, ശോഭ പി.എസ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് ടെക്നോളജി ഡയറക്ടർ ആശ.എസ്.കുമാർ, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ്, ഹോം ഒതന്റിക്കേഷൻ ഓഫീസർ സുഷമാഭായി, മറ്റ് റിക്രൂട്ട്മെന്റ് വിഭാഗം പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

# നവംബറിൽ തിരുവനന്തപുരത്ത് ഓട്ടോമോട്ടീവ് ടെക്നോളജി റൗണ്ട് ടേബിൾ നടത്തും: മന്ത്രി പി രാജീവ്

## * ബിഎംഡബ്ല്യു പ്രതിനിധികളുമായി മന്ത്രി ചർച്ച നടത്തി

നവംബറിൽ തിരുവനന്തപുരത്ത് ബിഎംഡബ്ല്യു അടക്കമുള്ള കമ്പനികളുമായി സഹകരിച്ച് ഓട്ടോമോട്ടീവ് സാങ്കേതികവിദ്യ സംബന്ധിച്ച റൗണ്ട് ടേബിൾ കോൺഫറൻസ് നടത്തുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. ബിഎംഡബ്ല്യു പ്രതിനിധികളുമായി തിരുവനന്തപുരം ഹിൽട്ടൺ ഗാർഡനിൽ നടന്ന ചർച്ചയ്ക്ക് ശേഷം മാധ്യപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

തിരുവനന്തപുരത്തെ ഓട്ടോമോട്ടീവ് ടെക്നോളജി ഹബ്ബാക്കി മാറ്റാനുള്ള ശ്രമത്തിലാണ് സർക്കാറും കെഎസ് ഐഡിസിയും. ഇതിന്റെ ഭാഗമായാണ് ബിഎംഡബ്ല്യു പ്രതിനിധികളുമായി പ്രാഥമിക ചർച്ച നടത്തിയതെന്ന് മന്ത്രി പറഞ്ഞു. ബി എം ഡബ്ല്യു അടക്കമുള്ള കമ്പനികൾക്ക് ഓട്ടോമോട്ടീവ് സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചു നൽകുന്ന കേരള കമ്പനിയായ ആക്സിയ ടെക്നോളജീസ് പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് തിരുവനന്തപുരം ചാർട്ടറുമായി സഹകരിച്ചാണ് റൗണ്ട് ടേബിൾ സംഘടിപ്പിക്കുന്നത്. പരിപാടിയിൽ ബിഎംഡബ്ല്യുവിനെക്കൂടാതെ ജർമ്മൻ, സ്വീഡിഷ് ഓട്ടോമോട്ടീവ് സാങ്കേതികവിദ്യ കമ്പനികളും പങ്കെടുക്കും.കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് സന്നദ്ധരായി ലോകത്തെമ്പാടമുള്ള നിരവധി പ്രമുഖ സാങ്കേതികവിദ്യ കമ്പനികൾ മുന്നോട്ടുവരുന്നതായി മന്ത്രി പറഞ്ഞു. എല്ലാ ജില്ലകളിലും വലിയ വ്യവസായ വികസനം നടക്കുകയാണ്. കേരളം വ്യവസായ രംഗത്ത് മുന്നേറുന്ന സാഹചര്യം സംരംഭകരിലും വലിയ ആത്മവിശ്വാസമാണ് പകരുന്നത്. കൊച്ചിയെ ജനറേറ്റീവ് എഐ ഹബ്ബും ആലപ്പുഴയെ മാരിടൈം ഹബ്ബുമാക്കാനുള്ള ശ്രമങ്ങളിലാണ് സർക്കാർ. ഇടുക്കിയും വയനാടും അടക്കമുള്ള ജില്ലകളിൽ നിക്ഷേപം വരുന്നുണ്ട്. 50000 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് സമീപകാലത്തുണ്ടായതായും മന്ത്രി ചൂണ്ടിക്കാട്ടി. ബി എം ഡബ്ല്യു മുൻ വിദഗ്ധനും ആക്സിയ സ്ട്രാറ്റജിക് അഡ്വൈവസറുമായ സ്റ്റെഫാൻ ജുറാഷേക് കേരളത്തിൽ നിക്ഷേപം നടത്തുന്നതിനുള്ള വിവിധ സാധ്യതകൾ ആരാഞ്ഞു. മൂന്ന് പതിറ്റാണ്ട് ബി എം ഡബ്ല്യൂവിൽ ഇലക്ട്രിക് മൊബിലിറ്റി, വെഹിക്കിൾ ഡൈനാമിക്സ്, ഇലക്ട്രിക് പവർട്രെയിൻ തുടങ്ങിയ മേഖലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള സ്റ്റെഫാൻ കമ്പനിയുടെ ഗവേഷണ, വികസന വിഭാഗം വൈസ് പ്രസിഡന്റുമായിരുന്നു. ബി എം ഡബ്ല്യു പ്രതിനിധികളായ ക്രിസ്റ്റീന ഹെയ്ൻ, ഹെർമൻ ഫെരേര, ആക്സിയ ടെക്നോളജീസ് സ്ഥാപകനും സി.ഇ.ഒ യുമായ ജിജിമോൻ ചന്ദ്രൻ, വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. തുടർന്നുള്ള ദിവസങ്ങളിലും ഓൺലൈനായും ഓഫ്‌ലൈനായും ചർച്ചകൾ തുടരുമെന്നും വ്യവസായ, വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചർച്ചകൾ ഏകോപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

# നിയമപരമായി തീർപ്പാക്കാവുന്ന മുഴുവൻ പരാതികളും തദ്ദേശ അദാലത്തിലൂടെ പരിഹരിക്കും: മന്ത്രി എം ബി രാജേഷ്

## ജില്ലാതല തദ്ദേശ അദാലത്ത് മന്ത്രി ഉദ്ഘാടനം ചെയ്തു

തദ്ദേശസ്ഥാപനങ്ങളിലെ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകളിൽ നിയമപരമായി തീർപ്പാക്കാൻ കഴിയുന്ന മുഴുവൻ പരാതികളും ജില്ലാതല തദ്ദേശ അദാലത്തുകളിലൂടെ പരിഹരിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. ജനങ്ങളുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കാനുള്ള അവസരം കൂടിയാണ് തദ്ദേശ അദാലത്തെന്നും മന്ത്രി പറഞ്ഞു. സർക്കാരിന്റെ നാലാം നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ജില്ലാതല തദ്ദേശ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാര്യക്ഷമമായും സമയബന്ധിതമായും അപേക്ഷകളിൽ തീർപ്പുണ്ടാകണം എന്ന ഉദ്ദേശ്യമാണ് സർക്കാരിനുള്ളത്. അതിനാലാണ് സ്ഥിരം അദാലത്ത് സമിതികൾ രൂപീകരിച്ചത്. ഇതനുസരിച്ച് താലൂക്ക് തലത്തിൽ പത്തു ദിവസവും ജില്ലാതലത്തിൽ പതിനഞ്ച് ദിവസവും സംസ്ഥാനതലത്തിൽ ഒരു മാസവും കൂടുമ്പോൾ അദാലത്ത് സമിതികൾ ചേരുന്നുണ്ട്.

ഇതുവഴി ലഭിച്ച എണ്ണായിരത്തോളം പരാതികളിൽ 66% വും തീർപ്പാക്കി. ഇനിയും തീർപ്പാകാത്തവ പരിഹരിക്കാനാണ് ജില്ലാതലത്തിൽ തദ്ദേശ അദാലത്തുകൾ സംഘടിപ്പിക്കുന്നത്. മൂന്നിടങ്ങളിൽ പൂർത്തിയായ അദാലത്തുകളിൽ ലഭിച്ച ആയിരത്തോളം പരാതികളിൽ ഭൂരിഭാഗവും തീർപ്പാക്കി.

വ്യക്തിപരമായ പരാതികൾ തീർപ്പാക്കുന്നതോടൊപ്പം ചില പൊതു തീരുമാനങ്ങളും അദാലത്തിൽ കൈക്കൊള്ളും. സർക്കാർ ധനസഹായത്തോടെ വീട് നിർമ്മിച്ചവർക്ക് അത് വിൽക്കാനുള്ള സമയം പത്തു വർഷം എന്നതിൽ നിന്ന് ഏഴുവർഷമാക്കി ചുരുക്കിയ ആനുകൂല്യം എല്ലാവർക്കും ലഭ്യമാക്കി തീരുമാനമെടുത്തു. എറണാകുളം അദാലത്തിൽ ലഭിച്ച പരാതിയെ തുടർന്നാണ് ഈ തീരുമാനമെടുത്തത്.

ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി നൂലാമാലകളും സങ്കീർണതകളും ഒഴിവാക്കുകയാണ് ലക്ഷ്യം. ഇതിന് ചട്ടങ്ങളിൽ വ്യക്തത ഉണ്ടാവണം. നിലവിൽ 106 ഓളം ചട്ടങ്ങളിൽ ഭേദഗതി വേണമെന്ന് കണ്ടെത്തിയിട്ടുണ്ട്. അദാലത്ത് ദിനത്തിൽ നേരിട്ട് ലഭിച്ച പരാതികൾ വൈകാതെ തീർപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിലും അദാലത്തിൽ സന്നിഹിതനായിരുന്നു.

വെള്ളയമ്പലം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന അദാലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, അർബൻ ഡയറക്ടർ സൂരജ് ഷാജി, വിവിധ തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു. തിരുവനന്തപുരം കോർപ്പറേഷൻ തല അദാലത്ത് ഓഗസ്റ്റ് 29ന് കോർപ്പറേഷൻ ഓഫീസ് കോമ്പൗണ്ടിൽ നടക്കും.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വർക്ക്ഷോപ്പ്

എം.എസ്.എം.ഇ മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഉപയോഗത്തെക്കുറിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സംരംഭകർക്കായി മൂന്ന് ദിവസത്തെ വർക്ക്ഷോപ്പ് സംഘടിപ്പിക്കും. ആഗസ്റ്റ് 29 മുതൽ 31 വരെ കളമശേരിയിലെ കീഡ് ക്യാമ്പസിലാണ് പരിശീലനം.

2950 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പെടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് ഫീസ്. പട്ടികജാതിപട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ 1800 രൂപ താമസം ഉൾപ്പെടെയും 800 രൂപ താമസം കൂടാതെയും ഫീസ് നൽകണം. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ http://kied.infot/raining-calender/ ൽ 26ന് മുമ്പ് അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക്: 04842532890, 04842550322, 9188922785.

# വാഹന ലേലം

കേരള സർക്കാർ സാംസ്ക്കാരിക സ്ഥാപനമായ ഗുരു ഗോപിനാഥ് നടനഗ്രാമത്തിന്റെ ഉപയോഗ്യശൂന്യമായ ഐഷർ മിനിബസ്, സ്വിഫ്റ്റ് ഡിസയർ കാർ എന്നിവ ലേലത്തിൽ വിൽക്കുന്നു. വിശദവിവരങ്ങൾക്ക്: 0471 2364771.

# പൂവച്ചൽ നിവാസികൾക്ക് ആശ്വാസം;പന്നിഫാം അടച്ചുപൂട്ടാൻ മന്ത്രിയുടെ നിർദ്ദേശം

പൂവച്ചൽ ഗ്രാമ പഞ്ചായത്തിലെ അനധികൃത പന്നി ഫാമുകൾ ഉടൻ അടച്ചുപൂട്ടാൻ മന്ത്രി എം ബി രാജേഷ് നിർദ്ദേശം നൽകി. ഇത് സംബന്ധിച്ച സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ ഉടൻ സ്വീകരിക്കണം. തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നടന്ന തദ്ദേശ തലത്തിലാണ് മന്ത്രി പരാതി പരിഗണിച്ചത്. പൂവച്ചൽ ജനകീയ സമരസമിതിയാണ് മന്ത്രിക്കു മുന്നിൽ പരാതിയുമായി എത്തിയത്. ഉത്തരവ് അടിയന്തരമായി നടപ്പിലാക്കാൻ മന്ത്രി പൂവച്ചൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.പന്നിഫാമിന്റെ പ്രവർത്തനം ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ചൂണ്ടിക്കാട്ടിയാണ് പരാതിക്കാർ അദാലത്തിലെത്തിയത്.

# നാട്ടുവാങ്കം ശിൽപശാല

തിരുവനന്തപുരം വട്ടിയൂർക്കാവിൽ പ്രവർത്തിക്കുന്ന സാംസ്ക്കാരിക വകുപ്പ് സ്ഥാപനമായ ഗുരു ഗോപിനാഥ് നടനഗ്രാമത്തിൽ ആഗസ്റ്റ് 25ന് ഹേമന്ത് ലക്ഷമണിന്റെ നേതൃത്വത്തിൽ ഏകദിന നാട്ടുവാങ്കം ശിൽപശാല സംഘടിപ്പിക്കും. രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെയാണ് ശിൽപശാല. പങ്കെടുക്കുവാൻ താൽപര്യം ഉള്ളവർ 0471 2364771, 8547913916 എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യണം.

# വിപിൻ ദാസിനും പ്രകാശിനും കെട്ടിടനമ്പർ നൽകാൻ നിർദ്ദേശം നൽകി തദ്ദേശ അദാലത്ത്

വാമനപുരം സ്വദേശി വിപിൻദാസിനും വിളവൂർക്കൽ സ്വദേശി പ്രകാശിനും കെട്ടിടനമ്പർ നൽകാൻ തദ്ദേശസ്വയം വകുപ്പ് മന്ത്രി എം ബി രാജേഷ് നിർദ്ദേശം നൽകി. തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നടന്ന തദ്ദേശ അദാലത്തിലെ പരാതികളിലാണ് മന്ത്രിയുടെ തീരുമാനം.

കെട്ടിടത്തിലേക്കുള്ള വഴിയുടെ വീതിയിലുണ്ടായിരുന്ന സാങ്കേതിക തടസ്സം ചൂണ്ടിക്കാട്ടിയായിരുന്നു നമ്പർ നൽകാൻ കഴിയാതിരുന്നത്. വഴിയുടെ ഗുണഭോക്താവിന്റെ സമ്മതത്തിന് വിധേയമായി താൽക്കാലിക ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകാൻ മന്ത്രി ഉത്തരവിട്ടു. നിർവചനത്തിൽ നിന്നും വിപരീത രീതിയിലുള്ള വ്യവസ്ഥ ഉൾക്കൊള്ളുന്ന ചട്ടം 23 (2 ) ലെ നിർദ്ദേശം ഭേദഗതി ചെയ്തു തിരുത്തൽ വരുത്താനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കാനും മന്ത്രി ഉദ്യോഗസ്ഥരോട് നിർദേശിച്ചു. 12 സെന്റീ മീറ്റർ കുറവുള്ളതിനാലാണ് പ്രകാശ് ജി കെയുടെ ഒക്യുപൻസി അപേക്ഷ നിരസിക്കപ്പെട്ടത്. കെട്ടിട നിർമ്മാണ ചട്ടം 26 (4) ൽ ഇളവ് നൽകിയാണ് പ്രകാശിന് കെട്ടിടനമ്പർ നൽകിയത്.

# റിസർച്ച് അസിസ്റ്റന്റ് ഒഴിവ്

കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കിർത്താഡ്സിൽ പദ്ധതിയുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ റിസർച്ച് അസിസ്റ്റന്റിനെ നിയമിക്കും. അപേക്ഷകർക്ക് 2024 ജൂലൈ ഒന്നിന് 36 വയസ്സിൽ കൂടരുത്.

പട്ടികജാതി/ പട്ടികവർഗ പിന്നാക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. പട്ടികവർഗ സമുദായക്കാർക്ക് മുൻഗണന ഉണ്ടായിരിക്കും. സെപ്റ്റംബർ നാലിന് പത്ത് മണിക്ക് വകുപ്പിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർഥികൾ രാവിലെ പത്ത് മണിക്ക് മുമ്പ് യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകണം.

# ലൈഫ്ഗുണഭോക്താക്കൾക്ക് ആശ്വാസം; ലൈഫ് വീടുകൾക്ക് യു എ നമ്പർ ലഭിച്ചാൽ അവസാന ഗഡു അനുവദിക്കും

ലൈഫ് ഭവന പദ്ധതി പ്രകാരം ലഭിച്ച വീടുകൾക്ക് യു എ നമ്പർ ലഭിച്ചാൽ അവസാന ഗഡു അനുവദിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് അറിയിച്ചു. ഇത് സംബന്ധിച്ച പൊതു നിർദ്ദേശം നൽകും. തിരുവനന്തപുരം തദ്ദേശ അദാലത്തിലാണ് തീരുമാനം. നിരവധി പേർക്ക് ഗുണകരമാവുന്ന തീരുമാനമാണ് ഇത്. നിലവിൽ വീട്ടുനമ്പർ ലഭിച്ചാൽ മാത്രമായിരുന്നു അവസാന ഗഡു അനുവദിക്കുന്നത്. പെർമിറ്റ് പ്രകാരമല്ലാതെ വീട് നിർമ്മിക്കുകയും നിയമലംഘനങ്ങൾ ഉണ്ടാവുകയും ചെയ്താൽ വീടിന് നമ്പർ ലഭിക്കില്ല. ഗുരുതര പ്രശ്നങ്ങൾ ഇല്ലാത്ത അനധികൃതമെങ്കിലും ചെറിയ വീടുകൾക്ക് പ്രത്യേക പരിഗണന നൽകി, താത്കാലിക നമ്പർ( യു എ) നമ്പർ നൽകുന്നതിന് നിലവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വീടുകളുള്ള ലൈഫ് ഗുണഭോക്താക്കൾക്ക് അവസാനഗഡു അനുവദിക്കാം.

മംഗലപുരം പഞ്ചായത്തിലെ സ്റ്റാൻലി, ജെസി സ്റ്റാൻലി എന്നിവർ സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് നടപടി. ഒന്നര മീറ്റർ ആവശ്യമുള്ള സെറ്റ് ബാക്ക് 80 സെന്റിമീറ്റർ മാത്രമേയുള്ളൂ. ഇതിനാൽ നമ്പറും ലൈഫിന്റെ അവസാന ഗഡുവും ലഭിച്ചിരുന്നില്ല. വീടിന് യു എ നമ്പർ അനുവദിക്കാനും അത് പരിഗണിച്ച് ലൈഫിന്റെ അവസാന ഗഡു അനുവദിക്കാനുമാണ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന തദ്ദേശ അദാലത്തിൽ തീർപ്പായത്. യു എ നമ്പർ ലഭിച്ചാൽ ലൈഫിന്റെ അവസാന ഗഡു അനുവദിക്കാമെന്ന പൊതുതീരുമാനം കൈക്കൊള്ളാനും അദാലത്തിൽ തീരുമാനമായി.



എറണാകുളം കാക്കനാട് സ്വദേശി ഗോപിക ജയചന്ദ്രന്റെ വിവാഹത്തോട് അനുബന്ധിച്ചുള്ള അത്താഴവിരുന്ന് ഒഴിവാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന രണ്ട് ലക്ഷം രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളെ കേരള ബ്രാൻഡ് ഗുണനിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം: മന്ത്രി രാജീവ്

### ആറ് വ്യവസായ സംരംഭങ്ങൾക്ക് കേരള ബ്രാൻഡ് സർട്ടിഫിക്കറ്റ് നൽകി

തിരുവനന്തപുരം: സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങളെ കേരള ബ്രാൻഡ് ലഭിക്കുന്ന ഗുണനിലവാരത്തിലേക്ക് ഉയർത്തുകയെന്നതാണ് വ്യവസായ വകുപ്പ് ഏറ്റെടുക്കുന്ന ദൗത്യമെന്ന് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ഗുണനിലവാരത്തിലും ധാർമ്മികതയിലും വിട്ടുവീഴ്ചയില്ലാത്ത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന സംരംഭങ്ങളാണ് നാടിന് ആവശ്യമെന്നും ഇത് സാധ്യമാകുന്നതോടെ കേരള ബ്രാൻഡ് അന്താരാഷ്ട്ര തലത്തിൽ ഉയർത്തപ്പെടുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി. അന്താരാഷ്ട്ര സംരംഭക ദിനത്തോടനുബന്ധിച്ച് വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാരിൻറെ കേരള ബ്രാൻഡ് സർട്ടിഫിക്കറ്റ് നൽകുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളം ലോകമറിയുന്ന ഒരു ബ്രാൻഡാണ്. ഇത് ലോകത്തിനു മുന്നിൽ ഉത്പന്നങ്ങളുടെ മാർക്കറ്റിങ്ങിലും പ്രയോജനപ്പെടുത്താനാകുമെന്നതാണ് കേരള ബ്രാൻഡിലൂടെ സാധ്യമാകുന്നത്. ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിന് ഇപ്പോൾ ആളുകൾ വലിയ പ്രാധാന്യം നൽകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. അതുകൊണ്ടുതന്നെ ഗുണനിലവാരവും ധാർമ്മികതയും പുലർത്തുന്ന കേരള ബ്രാൻഡിന് വലിയ സാധ്യതയാണ് വിപണിയിലുള്ളത്. കോവിഡിനു ശേഷം ആരോഗ്യകാര്യങ്ങളിലും ജീവിതശൈലിയിലും വലിയ ഉത്കണ്ഠ സമൂഹത്തിനുണ്ട്. അവർ വൻകിട ബ്രാൻഡുൾക്ക് പിറകെ പോകാതെ മായം ചേർക്കാത്തതും ഗുണനിലവാരം പുലർത്തുന്നതുമായ പ്രാദേശിക ഉത്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്നു. പ്രാദേശികമായി മികച്ച നിലവാരത്തിൽ പ്രവർത്തിക്കുന്ന ചെറിയ ഉത്പാദകർക്ക് കേരള ബ്രാൻഡ് ലഭിക്കാൻ സാധ്യത ഏറെയാണ്. വ്യവസായ വകുപ്പിൻറെ ഇടപെടലോടെ ഇത്തരം സംരംഭങ്ങൾക്കും സംരംഭങ്ങൾക്കും ഉയർന്നുവരാനുള്ള സാധ്യതയാണ് മുന്നിലുള്ളത്. സംരംഭകരെ സഹായിക്കാനും അവരുടെ ആത്മവിശ്വാസം വളർത്താനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഒക്ടോബറിൽ സംരംഭക സഭ ചേരും. കേരള ബ്രാൻഡിൻറെ ആദ്യഘട്ടത്തിൽ വെളിച്ചെണ്ണയ്ക്കും തുടർന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 14 ഉത്പന്നങ്ങൾക്കുമാണ് ബ്രാൻഡ് നൽകുക. കൂടുതൽ ഉത്പന്നങ്ങൾ അടുത്ത ഘട്ടത്തിൽ പരിഗണിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.




*വ്യവസായ സംരംഭങ്ങൾക്ക് സംസ്ഥാന സർക്കാരിൻറെ കേരള ബ്രാൻഡ് സർട്ടിഫിക്കറ്റ് നൽകുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് സംസാരിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ്. ഹരികിഷോർ, കെഎസ്ഐഡിസി എക്സിക്യുട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, ഫോറിൻ ട്രേഡ് അസി. ഡയറക്ടർ ജനറൽ ഹസൻ ഉസൈദ് എൻ.എ തുടങ്ങിയവർ വേദിയിൽ.*

കേരളത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം കൊണ്ടുവരികയും അന്താരാഷ്ട്ര വിപണിയിലെ വിപണനസാധ്യത കൂട്ടുകയും പൊതുവായ ഒരു ബ്രാൻഡ് സൃഷ്ടിച്ചെടുക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് 'കേരള ബ്രാൻഡ്'. വ്യവസായ വാണിജ്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കുകയും താലൂക്ക് തല സെലക്ഷൻ കമ്മിറ്റി അംഗീകരിക്കുകയും ചെയ്ത ആറ് വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾക്കാണ് ആദ്യഘട്ടത്തിൽ കേരള ബ്രാൻഡ് രജിസ്ട്രേഷൻ നൽകിയത്. എംആർഎൽ കുട്ടനാടൻ കോക്കനട്ട് ഓയിൽ (ആലപ്പുഴ), കെഡിസൺ എക്സ്പെല്ലേഴ്സ് (കോട്ടയം) വരാപ്പെട്ടി കോക്കനട്ട് ഓയിൽ (എറണാകുളം), കെ എം ഓയിൽ ഇൻഡസ്ട്രീസ്, അഞ്ചരക്കണ്ടി എഫ്എസ് സി ബാങ്ക് ലിമിറ്റഡിൻറെ സഹകാരി ഇൻറഗ്രേറ്റഡ് കോക്കനട്ട് പ്രൊസസിങ് പ്ലാൻറ് (കണ്ണൂർ), കളത്ര ഓയിൽ മിൽസ് (കാസർകോട്) എന്നിവയാണ് ഈ സ്ഥാപനങ്ങൾ.

സാധാരണക്കാരായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു. വ്യവസായ സംരംഭങ്ങളിലൂടെ സംസ്ഥാനത്തെ തൊഴിലവസരങ്ങളും ഉത്പാദനക്ഷമതയും വർധിപ്പിക്കുകയെന്നതും ലക്ഷ്യമിടുന്നു. കേരള ബ്രാൻഡ് നൽകുന്നതിലൂടെ കമ്പോളത്തിലെ അധാർമ്മികത ഒഴിവാക്കാൻ സാധിക്കും. തെരഞ്ഞെടുത്ത 14 ഓളം ഉത്പന്നങ്ങൾ എത്രയും വേഗം വിപണിയിലേക്ക് കൊണ്ടുവരാനും കേരള ബ്രാൻഡ് നൽകാനും തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഗുണനിലവാരത്തിനും ധാർമ്മികതയിലും വിട്ടുവീഴ്ച ചെയ്യാതെ ഒരു സംസ്ഥാനം ഉത്പന്നങ്ങൾക്ക് ബ്രാൻഡ് നൽകുന്ന പദ്ധതി രാജ്യത്തിനു തന്നെ മാതൃകയാണെന്ന് സ്വാഗതം ആശംസിച്ച വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ്. ഹരികിഷോർ പറഞ്ഞു. പദ്ധതിയുടെ ആദ്യഘട്ടമായി കേരളത്തിൻറെ തനത് ഉത്പന്നം എന്ന നിലയിലാണ് ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുന്നതിനായി വെളിച്ചെണ്ണ പരിഗണിച്ചത്. വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾക്ക് വേണ്ടിയുള്ള കേരള ബ്രാൻഡ് തിരഞ്ഞെടുപ്പ് മാനദണ്ഡം, സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി തയ്യാറാക്കുകയും അത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്യുകയായിരുന്നു. 25 പേർ അപേക്ഷിക്കുകയും അതിൽനിന്ന് മാനദണ്ഡങ്ങൾ പൂർണമായി പാലിച്ച ആറു യുണിറ്റുകളെ തെരഞ്ഞെടുക്കുകയായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, പബ്ലിക്ക് സെക്ടർ ട്രാൻസ്ഫർമേഷൻ ബോർഡ് എക്സിക്യൂട്ടീവ് ചെയർമാൻ അജിത് കുമാർ കെ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡൻറ് എ നിസാറുദ്ദീൻ, ഫോറിൻ ട്രേഡ് അസി. ഡയറക്ടർ ജനറൽ ഹസൻ ഉസൈദ് എൻ.എ, കെബിപ്സിഇഒ സൂരജ് എസ്, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ രശ്മി ഡി.എസ്, ബിഐഎസ് ജോയിൻറ് ഡയറക്ടർ സന്ദീപ് എസ് കുമാർ എന്നിവർ സംസാരിച്ചു. വ്യവസായ വാണിജ്യ വകുപ്പ് അഡീ. ഡയറക്ടർ രാജീവ് ജി. ചടങ്ങിന് നന്ദി പറഞ്ഞു.

പൂർണമായും കേരളത്തിൽ നിന്നും സംഭരിക്കുന്ന നാളികേരവും കൊപ്രയും ഉപയോഗിച്ച് സംസ്ഥാനത്തു തന്നെ നിർമ്മിക്കുന്ന വെളിച്ചെണ്ണയ്ക്കാണ് ആദ്യഘട്ടത്തിൽ കേരള ബ്രാൻഡ് നൽകിയത്. അംഗീകൃത അഗ്മാർക്ക്, ബിഐഎസ് 542:2018, സർട്ടിഫിക്കേഷനുകളും ഉദ്യം രജിസ്ട്രേഷനുമുള്ള വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളെയാണ് സർട്ടിഫിക്കേഷനായി പരിഗണിക്കുന്നത്. കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നേടുന്ന ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ 'മെയ്ഡ് ഇൻ കേരള' എന്ന തനതായ ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യാനാകും. വഴേ്യേ:// www.keralabrandindustry.kerala.gov.in/ എന്ന പോർട്ടലിൽ സംരംഭങ്ങൾക്ക് കേരള ബ്രാൻഡിനായി അപേക്ഷിക്കാം.

# ഓണക്കാലത്ത് ഒരു ലിറ്റർ പാലിന് 9 രൂപ അധികവില പ്രഖ്യാപിച്ച് തിരുവനന്തപുരം മിൽമ

തിരുവനന്തപുരം: ഓണക്കാലത്ത് ഒരു ലിറ്റർ പാലിന് 9 രൂപ വീതം അധിക വില നൽകുന്നതിന് തിരുവനന്തപുരം മേഖല യൂണിയൻ ഭരണസമിതി തീരുമാനിച്ചതായി ചെയർമാൻ മണി വിശ്വനാഥ് അറിയിച്ചു.

ഇതിൽ 7 രൂപ ക്ഷീര സംഘങ്ങൾക്ക് അധിക പാൽവിലയായി നൽകുന്നതും 2 രൂപ മേഖല യൂണിയനിൽ സംഘത്തിൻറെ അധിക ഓഹരി നിക്ഷേപമായി സ്വീകരിക്കുന്നതുമാണ്.

ക്ഷീരസംഘങ്ങൾക്ക് ലഭിക്കുന്ന 7 രൂപയിൽ 5 രൂപ ക്ഷീരകർഷകർക്ക് നല്കണം. 2 രൂപ സംഘങ്ങളുടെ കൈകാര്യ ചെലവിനായി വിനിയോഗിക്കാം. 2024 ജൂലൈയിൽ സംഘങ്ങൾ യൂണിയന് നൽകിയ പാലളവിന് ആനുപാതികമായി ആഗസ്റ്റ് മാസത്തിലെ പാൽ വിലയോടൊപ്പമായിരിക്കും ഇൻസെൻറീവ് നൽകുക.

ഇതോടെ തിരുവനന്തപുരം മേഖലാ യൂണിയൻറെ പരിധിയിലുള്ള ക്ഷീര സംഘങ്ങൾക്ക് ലഭിക്കുന്ന ശരാശരി പാൽവില ലിറ്ററൊന്നിനു 53.76 രൂപയായി വർദ്ധിക്കും. ഇതിനായി ഏകദേശം 6.40 കോടി രൂപയുടെ അധിക ചെലവാണ് മേഖല യൂണിയൻ പ്രതീക്ഷിക്കുന്നത്.

തിരുവനന്തപുരം മേഖല യൂണിയൻ 202324 സാമ്പത്തികവർഷം അധിക പാൽവില നൽകുന്നതിനായി 11.78 കോടി രൂപയും 2024 25 സാമ്പത്തിക വർഷം നാളിതു വരെ 1.37 കോടിയും ചെലവഴിച്ചതായി ചെയർമാൻ കൂട്ടിച്ചേർത്തു.

# എല്ലാ സർക്കാർ കേസുകളിലും വിജയിക്കാനാകണം: മന്ത്രി പി രാജീവ്

### *ഗവ. പ്ലീഡർമാർക്ക് ലാപ് ടോപ് വിതരണം ചെയ്തു

സർക്കാർ അഭിഭാഷകരിലൂടെയാണ് ജനങ്ങൾ സർക്കാരിനെ കാണുന്നതെന്നും എല്ലാ സർക്കാർ കേസുകളിലും വിജയിക്കാനാകണമെന്നും നിയമ, വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. സംസ്ഥാനത്തെ 14 ജില്ലകളിലെയും ഗവ. പ്ലീഡർമാർക്കുള്ള ലാപ് ടോപ് വിതരണം തിരുവനന്തപുരം ഹിൽട്ടൺ ഗാർഡനിൽ സംഘടിപ്പിച്ച ചടങ്ങിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സാധാരണക്കാരെ കോടതികളുമായി അടുപ്പിക്കാൻ സാങ്കേതികവിദ്യയെ ഉപയോഗിക്കാനാവണം. എല്ലാമേഖലകളിലും ഇന്ന് ഡിജിറ്റലൈസേഷൻ നടക്കുകയാണ്. കേരളത്തിൽ അതിനാവശ്യമായ എല്ലാ അടിസ്ഥാനസൗകര്യങ്ങളുമുണ്ട്. മൈബൈൽ പെനട്രേഷൻ ഏറ്റവുമധികമുള്ള സംസ്ഥാനമാണ് ഇന്ന് കേരളം. മൈബൈൽ ഉപയോക്താക്കളിൽ 87 ശതമാനം പേർക്കും ഇവിടെ ഇന്റർനെറ്റ് ലഭ്യതയുമുണ്ട്. ഡിജിറ്റൽ സാക്ഷരതയിലും നാം ഏറെ മുന്നിലാണ്.

സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗിക്കാനായാൽ കേസുകൾ കെട്ടിക്കിടക്കുന്നത് കുറയ്ക്കാനും വേഗത്തിൽ ആളുകൾക്ക് നീതി ലഭ്യമാക്കാനും കഴിയുമെന്ന് മന്ത്രി പറഞ്ഞു.

വിവിധ കോടതികളിലെ വിവിധ ഭാഷകളിലുള്ള വിധികൾ വായിക്കാനും പഠിക്കാനുമൊക്കെ ഇന്ന് സൗകര്യങ്ങളുണ്ട്. സർക്കാർ അഭിഭാഷകരായിരിക്കുമ്പോൾ വൈവിധ്യമാർന്ന കേസുകൾ ലഭിക്കും. ഈ അവസരം ഉപയോഗപ്പെടുത്തി മികച്ച അഭിഭാഷകരായി മാറണം. സ്ത്രീകളുമായും കുട്ടികളുമായും ബന്ധപ്പെട്ട കേസുകൾക്ക് മുൻഗണന നൽകണമെന്നും മന്ത്രി പറഞ്ഞു. സർക്കാർ അഭിഭാഷകരുടെ പ്രവർത്തനം ആറുമാസത്തിലൊരിക്കൽ ഓഡിറ്റ് ചെയ്യാൻ സംവിധാനം വേണമെന്നും മന്ത്രി പറഞ്ഞു.

14 ജില്ലകളിലെയും ഗവ. പ്ലീഡർമാർക്ക് ചടങ്ങിൽ ലാപ്ടോപ് വിതരണം ചെയ്തു. സർക്കാർ കേസുകളുടെ കാര്യക്ഷമമായ നടത്തിപ്പിനും നിയമവകുപ്പ് നടപ്പാക്കിയ സിസിഎംഎസ് (കോർട്ട് കേസ് മോണിട്ടറിങ് സൊല്യൂഷൻ) പദ്ധതിയുടെ നിരീക്ഷണത്തിനുമായാണ് ജില്ലാ ഗവ. പ്ലീഡർമാർക്ക് ലാപ്ടോപ് നൽകിയത്. വെബ് അടിസ്ഥാനത്തിലുള്ള കമ്പ്യൂട്ടറൈസ്ഡ് സംവിധാനത്തിലൂടെ കോടതിയിലുള്ള കേസുകൾ ട്രാക്ക് ചെയ്യാനും നിരീക്ഷിക്കാനുമുള്ള പദ്ധതിയാണ് സിസിഎംഎസ്. എച്ച് പി യുടെ ലാപ്ടോപാണ് നൽകിയത്.

നിയമവകുപ്പ് സെക്രട്ടറി സനൽ കുമാർ അധ്യക്ഷത വഹിച്ചു. അഡീഷണൽ സെക്രട്ടറി എൻ ജീവൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി ഹാരിസ് മുഹമ്മദ് നന്ദിയും പറഞ്ഞു. ഗവ. പ്ലീഡർമാർ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# എംപോക്സ്: സംസ്ഥാനം ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്

### *ആരോഗ്യ വകുപ്പിന്റെ പ്രോട്ടോകോൾ കൃത്യമായി പാലിക്കണം

ചില രാജ്യങ്ങളിൽ എംപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സംസ്ഥാനം ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആഫ്രിക്കയിലെ പല രാജ്യങ്ങളിലുൾപ്പെടെ എംപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേന്ദ്ര മാർഗനിർദേശങ്ങളനുസരിച്ച് സംസ്ഥാനത്തെ എല്ലാ എയർപോർട്ടുകളിലും നിരീക്ഷണ സംഘമുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്ന് വരുന്നവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ ഉണ്ടായാൽ എയർപോർട്ടിൽ റിപ്പോർട്ട് ചെയ്യണം. 2022ൽ എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ സംസ്ഥാനം സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജ്യർ പുറത്തിറക്കിയിരുന്നു. എംപോക്സ് രോഗലക്ഷണങ്ങളുമായി ആരെങ്കിലും എത്തുന്നുണ്ടെങ്കിൽ എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളും എസ്.ഒ.പി. കൃത്യമായി പാലിക്കണമെന്ന് മന്ത്രി അറിയിച്ചു.

***എന്താണ് എംപോക്സ്?***

ആരംഭത്തിൽ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ഒരു ജന്തുജന്യ രോഗമായിരുന്നു എംപോക്സ്. എന്നാൽ ഇപ്പോൾ മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് നേരിട്ട് പകരുന്ന രോഗമാണിത്. തീവ്രത കുറവാണെങ്കിലും 1980ൽ ലോകമെമ്പാടും ഉന്മൂലനം ചെയ്യപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ട ഓർത്തോപോക്സ് വൈറസ് അണുബാധയായ വസൂരിയുടെ ലക്ഷണങ്ങളുമായി എംപോക്സ് ലക്ഷണങ്ങൾക്ക് സാദൃശ്യമുണ്ട്.

***രോഗ പകർച്ച***

കോവിഡോ എച്ച്1 എൻ1 ഇൻഫ്‌ളുവൻസയോ പോലെ വായുവിലൂടെ പകരുന്ന ഒരു രോഗമല്ല എം പോക്സ്. രോഗം ബാധിച്ച വ്യക്തിയുമായി മുഖാമുഖം വരിക, നേരിട്ട് തൊലിപ്പുറത്ത് സ്പർശിക്കുക, ലൈംഗിക ബന്ധം, കിടക്ക, വസ്ത്രം എന്നിവ സ്പർശിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക തുടങ്ങിയവയിലൂടെ രോഗസാധ്യതയുണ്ട്.

***ലക്ഷണങ്ങൾ***

പനി, തീവ്രമായ തലവേദന, കഴലവീക്കം, നടുവേദന, പേശി വേദന, ഊർജക്കുറവ് എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. പനി തുടങ്ങി ഒരാഴ്ചയ്ക്കുള്ളിൽ ദേഹത്ത് കുമിളകളും ചുവന്ന പാടുകളും പ്രത്യക്ഷപ്പെടും. മുഖത്തും കൈകാലുകളിലുമാണ് കൂടുതൽ കുമിളകൾ കാണപ്പെടുക. ഇതിനുപുറമെ കൈപ്പത്തി, ജനനേന്ദ്രിയം, കണ്ണുകൾ എന്നീ ശരീരഭാഗങ്ങളിലും ഇവ കാണപ്പെടുന്നു.

***പ്രതിരോധം***

വൈറസ് ബാധയുണ്ടെന്ന് സംശയിക്കുന്നതോ സ്ഥിരീകരിച്ചതോ ആയ രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകരും രോഗബാധിതരുടെ സ്രവങ്ങൾ കൈകാര്യം ചെയ്യുന്നവരും രോഗപ്പകർച്ച ഒഴിവാക്കുന്നതിനായി നിർദേശിച്ചിട്ടുള്ള അണുബാധ നിയന്ത്രണ മുൻകരുതലുകൾ സ്വീകരിക്കണം.രോഗിയെ ആംബുലൻസിൽ കൊണ്ട് പോകേണ്ടി വരുമ്പോൾ ഗൗൺ, എൻ 95 മാസ്ക്, ഗ്ലൗസ്, കണ്ണട എന്നിവ ധരിക്കണം. ഇതോടൊപ്പം രോഗിയെ എത്തിക്കുന്ന ആശുപത്രിയേയും വിവരം അറിയിക്കണം. രോഗി എൻ 95 മാസ്കോ ട്രിപ്പിൾ ലെയർ മാസ്കോ ധരിക്കണം. മുറിവുകളുണ്ടെങ്കിൽ അത് മൂടത്തക്ക വിധം വസ്ത്രം പുതപ്പിക്കണം. രോഗിയെ എത്തിച്ച ശേഷം ആംബുലൻസും ഉപകരണങ്ങളും അണുവിമുക്തമാക്കണം. രോഗിയുമായി ബന്ധപ്പെട്ട സാധനങ്ങൾ മാർഗനിർദേശമനുസരിച്ച് നിർമാർജനം ചെയ്യണം.

# അമ്മക്കൊരു മരം

ഓരോ ചെറിയ ചുവടും ആരോഗ്യകരമായ ഒരു ഗ്രഹത്തിലേക്കാണ് കണക്കാക്കുന്നത്. ഐസി ഏ ആർ സി എം എഫ് ആർഐ (ICARCMFRI ) യുടെ അമ്മക്കൊരു മരം ക്യാമ്പയിൻ വേരുകൾ പടർത്തുന്നു! 2024 ഓഗസ്റ്റ് 20ന് ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ഹെഡ്ക്വാർട്ടേഴ്സ് പരിസരത്തും റസിഡൻഷ്യൽ ക്വാർട്ടേഴ്സിലും കെവികെ ഞാറയ്ക്കലിലും ഒരു വൃക്ഷത്തൈ നടീൽ യജ്ഞം സംഘടിപ്പിച്ചു. മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് ഡിവിഷന്റെ ഏകോപിത കാമ്പയിൻ ഐസിഎആർസിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്തു

